**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 332** **01-02-2023 - ൽ മറുപടിയ്ക്ക്**

**പാലാ മണ്ഡലത്തിലെ വിശപ്പ് രഹിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ സഹായം നിലച്ചതുകാരണം ജനകീയ ഹോട്ടലുകൾ പൂട്ടിപ്പോകുന്ന സഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഹോട്ടലുകൾക്കുള്ള സഹായം നൽകി വിശപ്പ് രഹിത കേരളം പദ്ധതി തടസ്സമില്ലാതെ നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ; | (എ) | ഭക്ഷ്യ സബ്സിഡി സമയബന്ധിതമായി നല്കാൻ സാധിക്കാതെ വരുന്നത് യൂണിറ്റുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പലചരക്ക് സാധനങ്ങളുടെയും പാചകവാതകത്തിന്റെയും വിലയിൽ വന്ന വർദ്ധനവും പ്രതിബന്ധം സൃഷ്ടിക്കുന്നുണ്ട്. കാരണം മൂന്ന് വർഷത്തോളമായി 20 രൂപ നിരക്കിൽ തന്നെ സാമൂഹ്യപ്രതിബന്ധതയോടെ ഉച്ചയൂണ് വിതരണം ചെയ്തുവരുന്ന ജനകീയ ഹോട്ടലുകൾ പലതും സബ്സിഡി യഥാസമയം ലഭിക്കാത്തതു മൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. നിലവിലെ സാമ്പത്തിക വർഷത്തിൽ 30 കോടി രൂപ സബ്സിഡി അനുവദിക്കുകയുണ്ടായി. കുടിശ്ശിക പരിഗണിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. |
| (ബി) | സംസ്ഥാനത്ത് കൂടുതൽ സ്ഥലങ്ങളിൽ വിശപ്പ് രഹിത കേരളം പദ്ധതി പ്രകാരം ജനകീയ ഹോട്ടലുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് പുതിയ ജനകീയ ഹോട്ടലുകൾ തുടങ്ങുന്നതിന്റെ ആവശ്യകത പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. പാല നിയോജക മണ്ഡലത്തിൽ 13 ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | പാലാ നിയോജക മണ്ഡലത്തിൽ വിശപ്പ് രഹിത കേരളം പദ്ധതി പ്രകാരം എത്ര ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട് ; പ്രസ്തുത മണ്ഡലത്തിൽ പാവപ്പെട്ടവരുടെ ആവശ്യം പരിഗണിച്ച് കൂടുതൽ ജനകീയ ഹോട്ടലുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് പുതിയ ജനകീയ ഹോട്ടലുകൾ തുടങ്ങുന്നതിന്റെ ആവശ്യകത പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. പാല നിയോജക മണ്ഡലത്തിൽ 13 ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ